പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.464. 07.01.2014 ൽ മറുപടിയ്ക്ക്.

## വാഹനങ്ങളിലെ ഹോണുകൾ

<table>
<tr><td>ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്</td><td></td><td>ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ) മോട്ടോർ വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഹോണുകളുടെ ശബ്ദത്തിന്റെ പരമാവധി ആവൃത്തി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അതെത്രയാണെന്ന് വെളിപ്പെടുത്തുമോ ;</td><td>(എ)</td><td>(എ) ഉണ്ട്. ഹോണുകളുടെ ശബ്ദത്തിന്റെ പരമാവധി ആവൃത്തി ചുവടെ ചേർക്കുന്നു.
<table>
<tr><td></td><td>വാഹനം</td><td>ആവൃത്തി</td></tr>
<tr><td>എ</td><td>മാഗ്നറ്റോ സിസ്റ്റം ഉപയോഗിക്കുന്ന മോപ്പഡ്, സ്കൂട്ടർ, മോട്ടോർ സൈക്കിൾ</td><td>85 ഡെസിബൽ</td></tr>
<tr><td>ബി</td><td>സ്റ്റോറേജ് ബാറ്ററി ഉപയോഗിക്കുന്ന ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ</td><td>90 ഡെസിബൽ</td></tr>
<tr><td>സി</td><td>ഡി സി സിസ്റ്റം ഉപയോഗിക്കുന്ന പാസഞ്ചർ കാറുകളും കൊമേഴ്സ്യൽ വാഹനങ്ങളും</td><td>100 ഡെസിബൽ</td></tr>
<tr><td>ഡി</td><td>വിൻഡ് ടോണോടു കൂടിയ ഡിസി ഹോൺ ഉപയോഗിക്കുന്ന പാസഞ്ചർ കാറുകളും കൊമേഴ്സ്യൽ വാഹനങ്ങളും</td><td>105 ഡെസിബൽ</td></tr>
</table></td></tr>
<tr><td>(ബി) ഇക്കാര്യത്തിൽ സുപ്രീംകോടതി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;</td><td>(ബി)</td><td>ഉണ്ട്.</td></tr>
<tr><td>(സി) എങ്കിൽ മോട്ടോർ വെഹിക്കിൾ നിയമ പ്രകാരവും, സുപ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാന</td><td>(സി)</td><td>നിലവിലുള്ള മോട്ടോർ വാഹന ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത ഹോണുകൾ ഉപയോഗിക്കുന്നവർക്കെതിരെ ശക്തമായ</td></tr>
</table>

| | | | |
|---|---|---|---|
| | ത്തിലും എന്തൊക്കെ നിയന്ത്രണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | | നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശങ്ങൾ മോട്ടോർ വാഹന വകുപ്പ് നൽകിയിട്ടുണ്ട്. വാഹനങ്ങൾ പരിശോധിക്കുമ്പോൾ ഇക്കാര്യത്തിൽ പ്രത്യേക ഊന്നൽ നൽകാറുണ്ട്. വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും രജിസ്റ്റർ ചെയ്യുന്ന സമയത്തും അനധികൃത ഹോണുകൾ അല്ല ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നുണ്ട്. |
| (ഡി) | ഹോണിന്റെ ആവൃത്തി പരിശോധനയ്ക്ക് ഇപ്പോഴുള്ള സംവിധാനങ്ങളെന്തെല്ലാമെന്നും, നിയമലംഘനം കണ്ടെത്താൻ എന്തൊക്കെ ആധുനിക സൗകര്യങ്ങൾ ഉപയോഗ പ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കാമോ ? | (ഡി) | നിലവിൽ ആവൃത്തി പരിശോധനയ്ക്ക് സംവിധാനങ്ങളൊന്നും തന്നെ മോട്ടോർ വാഹന വകുപ്പിനില്ല. എന്നാൽ ആവൃത്തി പരിശോധനയ്ക്കായി സൗണ്ട് ലെവൽ മീറ്റർ വാങ്ങുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ.